**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3545** — **12/05/2017 ൽ മറുപടിയ്ക്ക്**

# ചെറുകിട കർഷകരിൽ നിന്നും തോട്ടണ്ടി സംഭരണം

**ചോദ്യം**

ശ്രീ.എം.വിൻസെന്റ്
ശ്രീ.പി.ടി.തോമസ്
ശ്രീ.അൻവർ സാദത്ത്
ശ്രീ.റോജി എം.ജോൺ

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട കർഷകരിൽ നിന്നും തോട്ടണ്ടി സംഭരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ; | (എ) | ചെറുകിട കർഷകരിൽ നിന്നും തോട്ടണ്ടി സംഭരിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ചെറുകിട കർഷകർ കാപെക്സിനും കാഷ്യു കോർപറേഷനും തോട്ടണ്ടി നൽകാൻ തയ്യാറായിട്ടില്ല. |
| (ബി) | സംഭരിക്കുന്ന തോട്ടണ്ടിയുടെ വില നിർണ്ണയിക്കുന്നതിന് വിലനിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ബി) | ഇതിനായി വില നിർണ്ണയകമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 30/01/2017 ലെ GO(Ms)No.07/2017/ID പ്രകാരവും 15/2/2017 ലെ GO(Ms)No.11/2017/ID പ്രകാരവും രൂപീകരിച്ചിട്ടുള്ള 9 അംഗ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന തോട്ടണ്ടിയുടേയും സംസ്ഥാനത്തെ മറ്റ് ഏജൻസികൾ വഴിയും ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിയുടേയും വില നിശ്ചയിക്കുന്നതിന് 30/01/2017 ൽ സ.ഉ.(കൈയ്യെഴുത്ത്) നം.07/2017/വ്യവ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും ഫിഷറീസ്,കാഷ്യു അഡീഷണൽ ചീഫ് സെക്രട്ടറി, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറി , ധനകാര്യ വകുപ്പ് പ്രതിനിധി,ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാതു ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർമാർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, |

| | | | |
|---|---|---|---|
| | | | കശുവണ്ടി വികസന കോർപ്പറേഷൻ - കാപെക്സ് എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാരും അംഗങ്ങളായിട്ടുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുള്ളതാണ്. |
| (സി) | തോട്ടണ്ടിയുടെ വില എപ്രകാരമാണ് നിശ്ചയിക്കപ്പെടുന്നതെന്ന് വിവരിക്കുമോ ; | (സി) | സർക്കാർതലത്തിൽ ഇതിനായി രൂപീകരിക്കപ്പെട്ട വിലനിർണ്ണയ സമിതി അതാത് സമയത്തെ മാർക്കറ്റ് നിരക്ക് സംബന്ധിച്ച് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സ്ഥിതി വിവരകണക്കിന്റെ യടിസ്ഥാനത്തിലാണ് തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നത്. |
| (ഡി) | ഒരു വർഷം ചെറുകിട കർഷകരിൽ നിന്നും എത്രമാത്രം തോട്ടണ്ടി ശേഖരിക്കാനാകും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കുമോ ? | (ഡി) | ചെറുകിട കർഷകർ തോട്ടണ്ടി നൽകാൻ തയ്യാറായിട്ടില്ലാത്തതിനാൽ ചോദ്യം പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ